**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1516** **14-03-2022 - ൽ മറുപടിയ്ക്ക്**

**തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ ഭവന നിർമ്മാണ ബോർഡും ലൈഫ് മിഷനും തോട്ടം തൊഴിലാളികൾക്കു മാത്രമായി പ്രത്യേക ഭവന പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിനായി തൊഴിൽ വകുപ്പ്, ഭവനം പദ്ധതി "ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം" നടപ്പാക്കിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന എത്ര തോട്ടം തൊഴിലാളികളുടെ കുടുംബത്തിന് ഭവനം നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | തോട്ടം മേഖലയിലെ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കുറ്റിയാർവാലിയിൽ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 10 തോട്ടം തൊഴിലാളികളെ തെരഞ്ഞെടുക്കുകയും 9 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ മൂന്നാറിൽ തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മാണത്തിനായി 5.49 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. കൂടാതെ ആർ.പി.എൽ പുനലൂരിലുള്ള തോട്ടം തൊഴിലാളികളെ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ ഉൾപ്പെടുത്താനുള്ള അനുമതി സർക്കാർ നൽകിയതിന്റെ അടിസ്ഥാനത്തിൽ കുളത്തൂപ്പുഴ എസ്റ്റേറ്റിൽ 5.86 ഏക്കർ സ്ഥലം വിട്ടുനൽകുകയും ടി സ്ഥലത്ത് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടം നടന്നുവരികയും ചെയ്യുന്നു. പദ്ധതിയുടെ ഭാഗമായി 6 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ഭവനം പദ്ധതി നടപ്പിലാക്കുന്നതിനായി 80 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ നിന്നും 28 ലക്ഷം രൂപയും, 2021-22 സാമ്പത്തിക വർഷം 80 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ നിന്നും 77 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിക്കായി എത്ര രൂപയുടെ ഫണ്ട് വകയിരിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ? | (സി) | തോട്ടം മേഖലയിലെ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കുറ്റിയാർവാലിയിൽ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 10 തോട്ടം തൊഴിലാളികളെ തെരഞ്ഞെടുക്കുകയും 9 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ മൂന്നാറിൽ തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മാണത്തിനായി 5.49 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. കൂടാതെ ആർ.പി.എൽ പുനലൂരിലുള്ള തോട്ടം തൊഴിലാളികളെ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ ഉൾപ്പെടുത്താനുള്ള അനുമതി സർക്കാർ നൽകിയതിന്റെ അടിസ്ഥാനത്തിൽ കുളത്തുപ്പുഴ എസ്റ്റേറ്റിൽ 5.86 ഏക്കർ സ്ഥലം വിട്ടുനൽകുകയും ടി സ്ഥലത്ത് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടം നടന്നുവരികയും ചെയ്യുന്നു. പദ്ധതിയുടെ ഭാഗമായി 6 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ഭവനം പദ്ധതി നടപ്പിലാക്കുന്നതിനായി 80 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ നിന്നും 28 ലക്ഷം രൂപയും, 2021-22 സാമ്പത്തിക വർഷം 80 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ നിന്നും 77 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ